## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **24-08-2022 - ൽ മറുപടിയ്ക്ക്**

## ആലത്തൂർ തളികക്കല്ല് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി പഞ്ചായത്തിലുള്ള തളികക്കല്ല് കോളനിയിൽ 37 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ-ന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടിക്രമങ്ങളും മുടപ്പല്ലൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വീടുകളുടെ വയറിംഗ് പരിശോധിച്ചപ്പോൾ 'എർത്തിങ്ങ്' ചെയ്തിട്ടി ല്ലാത്തതിനാൽ ഉടൻ തന്നെ വയറിംഗ് ചെയ്ത കോൺട്രാക്ടറുമായി ബന്ധപ്പെട്ട് എർത്തിങ്ങ് ഉടനെ ചെയ്യണമെന്ന് നിർദ്ദേശിച്ചു. എർത്തിങ്ങ് ചെയ്യാതെ കണക്ഷൻ കൊടുക്കുന്നതിൽ സുരക്ഷാ പ്രശ്നം ഉള്ളതിനാൽ എർത്തിങ്ങ് ജോലികൾ പൂർത്തിയാകുന്ന മുറക്ക് മാത്രമേ കണക്ഷൻ നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ